ക്ലാസ്സ് 8

മതബോധനകേന്ദ്രം
മാനന്തവാടി രൂപത
First Semester Examination 2026-27

ആകെ മാർക്ക് : 80
പാർട്ട് 1 : 60
പാർട്ട് 2 : 20
സമയം : 2 മണിക്കൂർ

പാർട്ട് 1

ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക. **6×1=6**

1. അബ്രാഹം ദൈവത്തിന് പ്രത്യുത്തരം നൽകിയത്
(അനുസരണവും സ്നേഹവുംവഴി, വിശ്വാസവും അനുസരണവും വഴി, വിശ്വാസവും പ്രത്യാശയും വഴി)
2. ദൈവം ആഗ്രഹിക്കുന്ന പൂർണ്ണമായ രക്ഷ ..... അടിമത്തത്തിൽനിന്നുള്ള മനുഷ്യന്റെ വിമോചനമാണ്
(പാപത്തിന്റെ, പിശാചിന്റെ, ശത്രുതയുടെ)
3. ദൈവത്തിന്റെ അത്യുത്തമ വെളിപാട്
(പരി. അമ്മ, പരിശുദ്ധാത്മാവ്, ഈശോ)
4. സഭാകൂട്ടായ്മയിലേക്ക് ഒരാൾ പ്രവേശിക്കുന്നത്
(മാമ്മോദീസായിലൂടെ, സ്ഥൈര്യലേപനത്തിലൂടെ, രോഗീലേപനത്തിലൂടെ)
5. കുഷ്ഠരോഗികളെ പരിചരിച്ച് കുഷ്ഠരോഗിയായി മരിച്ചത്
(വി. വിൻസെന്റ് ഡി പോൾ, ഫാ. ഡാമിയൻ, വി. മദർ തെരേസ)
6. പഴയനിയമത്തിൽ ദൈവത്തിന് ആരാധനയർപ്പിക്കാൻ മാറ്റിവയ്ക്കപ്പെട്ടവൻ
(രാജാവ്, പ്രവാചകൻ, പുരോഹിതൻ)

പൂരിപ്പിക്കുക. **6×1=6**

7. ഇസ്രായേലിനെ തന്റെ ജനമായി രൂപപ്പെടുത്താനും തന്റെ ഹിതമറിയിക്കാനും അതനുസരിച്ച് അവനെ നയിക്കാനുമായി ദൈവം തെരഞ്ഞെടുത്തവരാണ് .....
8. ദൈവപുത്രനായ ഈശോ ..... ലൂടെ നിത്യപുരോഹിതനായിത്തീർന്നു.
9. ..... മാനസാന്തരത്തിലേക്കും ഈശോയിലുള്ള വിശ്വാസത്തിലേക്കും നമ്മെ നയിക്കണം.
10. രക്ഷയ്ക്ക് അടിസ്ഥാനം നമ്മുടെ യോഗ്യതയല്ല ..... ആണ്.
11. തന്നെത്തന്നെ വെളിപ്പെടുത്തുന്ന ദൈവത്തിന് മനുഷ്യൻ നൽകുന്ന പ്രത്യുത്തരമാണ് .....
12. ശ്ലീഹന്മാരാകുന്ന അടിസ്ഥാനത്തിന്മേലാണ് ഈശോ ..... സ്ഥാപിച്ചത്.

ഉചിതമായവ ചേർത്തെഴുതുക. **6×1=6**

13.	യാക്കോബ്	–	മിശിഹായുടെ ശരീരം
14.	കഹാൽ	–	ഏറ്റവും ശ്രേഷ്ഠമായ ആരാധന
15.	മെത്തനോയിയ	–	ഇസ്രായേൽ
16.	വി. കുർബാന	–	തിരിച്ചുവരവ്
17.	സഭ	–	പ്രവാചകൻ
18.	ജറെമിയ	–	എക്ളേസിയ

ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. **7×2=14**

19. ദൈവം മോശയെ വിളിച്ചതെന്തിന്?
20. രക്ഷയും കൂദാശകളും തമ്മിലുള്ള ബന്ധമെന്ത്?
21. വിശ്വാസം എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?
22. പരിശുദ്ധാത്മാവ് വിശ്വാസികൾക്ക് നൽകുന്ന ഫലങ്ങൾ ഏതെല്ലാം?
23. സഭാമക്കളായ നമുക്കു നൽകപ്പെട്ടിരിക്കുന്ന ദാനങ്ങളും വരങ്ങളും എപ്രകാരമാണ് വിനിയോഗിക്കേണ്ടത്?
24. എന്താണ് ശുശ്രൂഷാ പൗരോഹിത്യം?
25. പ്രവാചകന്റെ ദൗത്യങ്ങളെന്തെല്ലാം?

മൂന്നോ നാലോ വാക്യങ്ങളിൽ ഉത്തരമെഴുതുക. **4×4=16**

26. അല്മായർ തങ്ങളുടെ പ്രവാചകദൗത്യം എങ്ങനെയാണ് നിർവഹിക്കേണ്ടത്?
27. വിശ്വാസത്തിന്റെ അഞ്ചു ഘടകങ്ങളിൽ ഏതെങ്കിലും നാലെണ്ണം എഴുതുക.
28. ഇസ്രായേൽ ജനത്തെ എക്ലേസിയ എന്നു വിളിക്കുമ്പോൾ അർത്ഥമാക്കുന്നതെന്തെല്ലാം?
29. ആത്മാവിനാൽ നയിക്കപ്പെടാൻ നാം എന്തുചെയ്യണം?

ഒരു ഖണ്ഡികയിൽ (Paragraph) ഉത്തരമെഴുതുക. **1×5=5**

30. മാനസാന്തരം – വിശ്വാസത്തിന്റെ അവശ്യഘടകം.

വിശദമായി ഉത്തരമെഴുതുക. **1×7=7**

31. സഭ : പങ്കുവയ്ക്കുന്നവരുടെ സമൂഹം
(പങ്കുവയ്ക്കൽ മിശിഹായുടെ ജീവിതത്തിലും പ്രബോധനത്തിലും – ആദിമ സഭയുടെ മാതൃക – ആദിമ സഭയുടെ പ്രബോധനം – ഉത്ഥാനത്തിലുള്ള പ്രത്യാശ – പങ്കുവയ്ക്കാനുള്ള പ്രേരണ – ബലിയർപ്പണവും പങ്കുവയ്ക്കലും – പങ്കുവയ്ക്കുന്ന സഭ)

അല്ലെങ്കിൽ

സഭ രക്ഷിക്കപ്പെട്ടവരുടെ സമൂഹം
(എല്ലാവരും രക്ഷയിലേക്ക് വിളിക്കപ്പെട്ടിരിക്കുന്നു – കല്പനകളുടെ അനുസരണം – രക്ഷയ്ക്കുള്ള വ്യവസ്ഥ – ഈശോ ലോകരക്ഷകൻ – ഈശോ ഏകരക്ഷകൻ – രക്ഷ സ്വന്തമാക്കാൻ വചനം സ്വീകരിക്കുക – കൂദാശകൾ രക്ഷയ്ക്കുള്ള മാർഗ്ഗങ്ങൾ)

പാർട്ട് 2

ഒറ്റവാക്കിൽ ഉത്തരമെഴുതുക. **8×1=8**

32. തിരുസഭയിലെ ഏറ്റവും വലിയ മിഷനറി.
33. ആദ്യമായി ക്രിസ്തുനാമത്തിൽ രക്തസാക്ഷിത്വം വരിച്ചതാര്?
34. IHS ന്റെ പൂർണ്ണരൂപം
35. ആദിമ സഭ വി. കുർബാനയെ സൂചിപ്പിക്കുവാൻ ഉപയോഗിച്ചിരുന്ന ഗ്രീക്കുപദം?
36. ഇന്ത്യയിലെ ആദ്യത്തെ അൽമായ കത്തോലിക്ക രക്തസാക്ഷി
37. ആരാണ് തിരുകുടുംബ സന്യാസിനി സമൂഹത്തിന്റെ സ്ഥാപക?
38. വി. എവുപ്രാസ്യയുടെ തിരുനാൾദിനം?
39. വി. മറിയം ത്രേസ്യായെ വിശുദ്ധ പദവിയിലേക്ക് ഉയർത്തിയത് എന്ന് ?
40. പ്രകാശത്തിന്റെ രണ്ടാം രഹസ്യം എഴുതുക. **2**
41. സത്യസഭയുടെ പ്രധാന ലക്ഷണങ്ങൾ എഴുതുക. **2**
42. സഭകളെ വ്യത്യസ്തമാക്കുന്ന ഏതെങ്കിലും രണ്ടു കാര്യങ്ങൾ എഴുതുക. **2**

വചനം പൂർത്തിയാക്കുക **2**

43. "വിശ്വാസം എന്നത് ..... ലഭിക്കുമെന്ന ഉറപ്പും ..... ഉണ്ട് എന്ന ബോധവുമാണ്."

ഉചിതമായവ ചേർത്തെഴുതുക. **4×1=4**

44.	അർക്കദിയാക്കോൻ	–	ഏഴരപള്ളികൾ
45.	മെത്രാപ്പോലീത്ത	–	ഈശോയുടെ മാമ്മോദീസ
46.	തോമാശ്ലീഹാ	–	സമുദായ തലവൻ
47.	ദനഹാതിരുനാൾ	–	ആത്മീയകാര്യങ്ങൾ